**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T 165** **13.07.2016-ന് മറുപടിക്ക്**

# പരിസ്ഥിതി സംരക്ഷണനയം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എം.കെ. മുനീർ<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. ടി.വി. ഇബ്രാഹിം<br>ശ്രീ. എം. ഉമ്മർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച നയം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തിന്റെ വികസനം അതിന്റെ പരിസ്ഥിതിക്ക് കോട്ടവും ഭംഗവും തട്ടാതെ നടപ്പാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൊതുജനങ്ങളെ വിശ്വാസത്തിലെടുത്തും അവരെ പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെയും പരിപോഷിപ്പിക്കുന്നതിന്റെയും ആവശ്യകത ബോദ്ധ്യപ്പെടുത്തിയുള്ള ഒരു നയമായിരിക്കും സംസ്ഥാന സർക്കാർ അവലംബിക്കുന്നത്. |
| (ബി) പരിസ്ഥിതിയും പ്രകൃതി സൗന്ദര്യവും സംരക്ഷിച്ചുകൊണ്ടു മാത്രമേ ഭൗതിക വികസന പ്രവർത്തനങ്ങൾ നടപ്പാക്കാവൂ എന്ന പ്രകൃതിസ്നേഹികളുടെ ആവശ്യത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ? | (ബി) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധവും ശാസ്ത്രീയവും സന്തുലിതവുമായ ഒരു ബന്ധത്തെയാണ് വികസനം സൂചിപ്പിക്കുന്നത്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും പരിസ്ഥിതി നശിപ്പിക്കുന്നതിന് സന്ധിചെയ്യാതെയും പരിസ്ഥിതി സംരക്ഷണവും വികസനവും സംയോജിപ്പിച്ച് നടപ്പിലാക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം. |

സെക്ഷൻ ഓഫീസർ